# ആക്സസ് മെന്റൽ ഹെൽത്ത്
# 1800 332 388
## ടാസ്മാനിയൻ ലൈഫ് ലൈനുമായി സഹകരിച്ചുകൊണ്ട്

### ഇത് ആർക്കുവേണ്ടിയാണ്?

ആക്സസ് മെന്റൽ ഹെൽത്ത് സർവീസ് പിൻവരുന്ന പ്രശ്നങ്ങളുള്ള ഏത് പ്രായത്തിലുമുള്ള ആർക്കും അല്ലെങ്കിൽ അത്തരം ആരെയെങ്കിലും അറിയുന്ന ആർക്കും വേണ്ടിയുള്ളതാണ്

- മാനസികാവസ്ഥയിൽ പ്രകടമായ മാറ്റങ്ങൾ കാണിക്കുന്നവർ
- പരസ്പരബന്ധം ഇല്ലാത്ത രീതിയിൽ പെരുമാറുന്നവർ
- ഇല്ലാത്ത കാര്യങ്ങൾ കാണുകയോ/കേൾക്കുകയോ ചെയ്യുന്നവർ
- ഉത്കണ്ഠയും ഭയവും ഉള്ളവർ
- ആത്മഹത്യ ആശയങ്ങളും ചിന്തകളും പ്രകടിപ്പിക്കുന്നവർ

### നിങ്ങൾക്ക് എങ്ങനെ ആക്സസ് ചെയ്യാം?

ടാസ്മാനിയായിലുള്ള ഏതൊരാൾക്കും ആക്സസ് മെന്റൽ ഹെൽത്തിനെ സൌജന്യമായി **1800 332 388** വിളിക്കാം

### ഇത് എങ്ങനെ പ്രവർത്തിക്കുന്നു?

ടാസ്മാനിയൻ കമ്മ്യൂണിറ്റിയെ പിന്തുണയ്ക്കുന്നതിനും ടാസ്മാനിയൻ മാനസികാരോഗ്യ സംവിധാനത്തിലേക്ക് ആക്സസ് ചെയ്യുന്നത്  എളുപ്പമാക്കുന്നതിനുമായി, ആക്സസ് മെന്റൽ ഹെൽത്ത് ദിവസത്തിൽ 24 മണിക്കൂറും ആഴ്ചയിൽ 7 ദിവസവും പ്രവർത്തിക്കുന്നു.

### ആരൊക്കെയാണ് ഉൾപ്പെട്ടിരിക്കുന്നത്?

ലൈഫ് ലൈൻ ടാസ്മാനിയയുമായി സഹകരിച്ച് ടാസ്മാനിയയിലെ ആരോഗ്യ വകുപ്പാണ് ആക്സസ് മെന്റൽ ഹെൽത്ത് ലഭ്യമാക്കുന്നത് . വിദഗ്ധരും പരിചയസമ്പന്നരുമായ മാനസികാരോഗ്യ വിദഗ്ധരാണ് ഇത് കൈകാര്യം ചെയ്യുന്നത്.

### എന്ത് സഹായമാണ് നിങ്ങൾക്ക് ലഭിക്കുക?

✓ ഫോണിലൂടെ ഉടനടിയുള്ള  പിന്തുണ
✓ ടാസ്മാനിയൻ മാനസികാരോഗ്യ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ
✓ ആവശ്യമെങ്കിൽ പൊതു മാനസികാരോഗ്യ സേവനങ്ങളിലേക്ക് റഫറൽ നടത്താനുള്ള സഹായം

**നിങ്ങളോ മറ്റാരെങ്കിലുമോ പെട്ടെന്നുള്ള അപകടാവസ്ഥയിലാണങ്കിൽ ആദ്യം 000 എന്ന അടിയന്തിര  സേവനത്തെ വിളിക്കുക.**

**ആരോഗ്യ** വകുപ്പ്

Tasmanian Government